3597
1/3/21

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ
(സംഗ്രഹം )

ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന മൂന്ന് പേരെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.113/2021/ഉ.വി.വ. തീയതി, തിരുവനന്തപുരം, 17/02/2021

പരാമർശം :-1. സ.ഉ.(എം.എസ്) 107/2007/ഉ.വി.വ തീയതി 4/8/2007.
2. സ.ഉ.(എം.എസ്) 387/2020/ഉ.വി.വ തീയതി 6/12/2020.
3. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 22/11/2019 ലെ കെ.എസ്.എച്ച്.ഇ.സി എ 7/705/എം.എസ്/ഡയറക്ട്/2019 നമ്പർ കത്ത്.
4. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 16/02/2021 ലെ KSHEC A1/135/Common with Govt/2020 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ പത്തു വർഷത്തിലധികമായി കരാർ/താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഓഫീസ് അറ്റന്റന്റ്മാരായ ശ്രീ.ജോസ് രാജ്, ശ്രീമതി.ബിൻസി തോമസ്, ഡ്രൈവർ ആന്റിൻ വിനോദ് എന്നിവരെ മറ്റ് സ്ഥാപനങ്ങളിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതുപോലെ ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് കൗൺസിൽ വൈസ് ചെയർമാനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 08/11/2019 ൽ കൂടിയ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ഇക്കാര്യം വിശദമായി ചർച്ച ചെയ്തതായും ഇവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പരാമർശം 2 പ്രകാരം ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി അറിയിച്ചിരുന്നു. കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾ ഒന്നും തന്നെ കൗൺസിലിൽ നടന്നു വരുന്നില്ല എന്ന് പരാമർശം 4 ലെ കത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

P.T.O

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾ ഒന്നും തന്നെ കൗൺസിലിൽ നടന്നു വരുന്നില്ല എന്ന വസ്തുത പരിഗണിച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ പത്ത് വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ സേവനത്തിൽ തുടരുന്ന ഓഫീസ് അറ്റന്റന്റ്മാരായ ശ്രീ.ജോസ് രാജ്, ശ്രീമതി.ബിൻസി തോമസ്, ഡ്രൈവർ ശ്രീ.ആന്റിൻ വിനോദ് എന്നിവരെ ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.വി.വേണു**
**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

മെമ്പർ സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( Vide U.O നം. 1626148 Edn -C1/211/2020 dated 7/12/2020)
പൊതുഭരണ (എസ്.സി) വകുപ്പ്
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

4992903

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-02-2021

ഫയൽ നം. സി3/209/2020/ഉ.വി.വ. ഇനം നം: 4661

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 3 പേരെ സ്ഥിരപ്പെടുത്തുന്നത്.

(23)

തീരുമാനം : ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ നിയമനങ്ങൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലെങ്കിൽ മാത്രം സ്ഥിരപ്പെടുത്താമെന്ന വ്യവസ്ഥയോടുകൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

Office of the Additional Chief Secretary, Higher Education & Environment
16/2

4661

17

# കേരള സർക്കാർ
# (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | സി3/209/2020/ഉ.വി.വ. |
| 2 | വകുപ്പ് | : | ഉന്നതവിദ്യാഭ്യാസ (സി) വകുപ്പ് |
| 3 | വിഷയം | | ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ താല്ക്കാലികാടി സ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 3 പേരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | | 30/01/2021 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധന വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.വിജയകുമാർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.വേണു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 9/2/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 10/2/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 10/2/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി. | : | 11/2/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

16 കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ കരാർ/താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഓഫീസ് അറ്റന്റന്റ്മാരായ ശ്രീ.ജോസ് രാജ്, ശ്രീമതി.ബിൻസി തോമസ്, ഡ്രൈവർ ആന്റിൻ വിനോദ് എന്നീ മൂന്ന് പേരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

17 2. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ കത്തിൽ ശ്രീ.ജോസ് രാജ്, ശ്രീമതി.ബിൻസി, ശ്രീ.ആന്റിൻ വിനോദ് എന്നിവർ മറ്റ് സ്ഥാപനങ്ങളിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതുപോലെ ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് കൗൺസിൽ വൈസ് ചെയർമാനോട് അപേക്ഷിച്ചതായി അറിയിച്ചിരിക്കുന്നു.

A 1. ശ്രീ.ജോസ് രാജ്, (ഓഫീസ് അറ്റന്റന്റ്) 10/9/2007 ൽ നിയമിതനായി 8/12/2010 മുതൽ ശമ്പള സ്കെയിലിൽ കരാർ അടിസ്ഥാനത്തിൽ (സ.ഉ.(എം.എസ്) 387/2010/ഉ.വി.വ പ്രകാരം ) തുടർന്നു വരുന്നു.

2. ശ്രീമതി.ബിൻസി തോമസ്(ഓഫീസ് അറ്റന്റന്റ്), 7/2/2008 ൽ കൗൺസിലിൽ ജോലിയിൽ പ്രവേശിച്ചു 8/12/2010 മുതൽ ശമ്പള സ്കെയിലിൽ (സ.ഉ.(എം.എസ്) നം.387/2010/ഉ.വി.വ പ്രകാരം ) കരാർ അടിസ്ഥാനത്തിൽ തുടർന്നു വരുന്നു

3. ശ്രീ.ആന്റിൻ വിനോദ് (ഡ്രൈവർ) 10/2/2008 ൽ ജോലിയിൽ പ്രവേശിച്ചു 8/12/2010 മുതൽ ശമ്പള സ്കെയിലിൽ (സ.ഉ.(എം.എസ്) നം.387/2010/ഉ.വി.വ പ്രകാരം) കരാർ അടിസ്ഥാനത്തിൽ തുടരുന്നു.

ഇവർക്ക് ശമ്പള സ്കെയിൽ അനുവദിച്ചതു സംബന്ധിച്ച തീരുമാനം സാധൂകരിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യവകുപ്പ് പരിശോധിച്ചു വരുന്നു (C3/42/2018/ഉ.വി.വ).

18 3. 08/11/2019 ൽ കൂടിയ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സിക്യൂട്ടീവ് ബോഡി, ഓഫീസ് അറ്റന്റ്മാരായ ശ്രീ.ജോസ് രാജ്, ശ്രീമതി.ബിൻസി തോമസ് ഡ്രൈവർ ആയ ശ്രീ.ആസ്റ്റിൻ വിനോദ് എന്നിവർ 10 വർഷത്തിലധികമായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ജോലി ചെയ്തു വരികയാണെന്നും അവരെ സ്ഥിരപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി. ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടുകയും ടി വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" The consistent stand of Finance Department is not in favour of regularisation of temporary/contract employees as it is against the verdict of the Hon'ble Supreme Court in Umadevi Vs State of Karnataka. Therefore the proposal is declined"

19 4. ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർദ്ദേശം 4/6/2020 ലെ C3/299/2019-HEDN എന്ന കത്ത് പ്രകാരം സർക്കാർ നിരസിച്ചതിനെ തുടർന്ന് ശ്രീ.ജോസ് രാജ്, ശ്രീമതി.ബിൻസി, ശ്രീ.ആസ്റ്റിൻ വിനോദ് എന്നിവർ ധനകാര്യവകുപ്പിന് അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് ധനകാര്യവകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"Attention of Administrative Department may be invited to the reference cited and that Department may be informed that

'Finance' sticks to its earlier stand and decline the proposal for regularization in service of 3 contract/daily waged employees in Kerala State Higher Education Council in view of the verdict of Hon'ble Supreme Court in Umadevi Vs State of Karnataka.

Administrative Department may submit the proposal of permanent Appointment before the Council of Ministers for consideration if it finds the matter necessary.

'This has the approval of Minister for Finance ."

17

20 5. ഉമാദേവി കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ കരാർ/താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് കേന്ദ്രസർക്കാർ 07/10/2020 ൽ പുറപ്പെടുവിച്ചിട്ടുള്ള ഓഫീസ് മെമ്മോറാണ്ടത്തിൽ ഇപ്രകാരം പരാമർശിച്ചിട്ടുണ്ട്. 10/04/2006 തീയതിയിൽ, കോടതി വിധിയുടേയോ മറ്റോ സംരക്ഷണയിലല്ലാതെ 10 വർഷത്തിലേറെയായി സേവനത്തിൽ തുടരുന്ന ദിവസവേതന/കരാർ/താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഒറ്റത്തവണയായി പരിഗണിക്കേണ്ടതായിരുന്നു. ഇവിടെ മൂന്നു പേരും 10/04/2006 ന് മുൻപ് ജോലിയിൽ ഉണ്ടായിരുന്നവരല്ല. ആയതിനാൽ ഇവർ ഉമാദേവി കേസിലെ സുപ്രീം കോടതി വിധിയുടെ ആനുകൂല്യത്തിന് അർഹരല്ല.

21 6. കഴിഞ്ഞ വർഷം ഉന്നത വിദ്യാഭ്യാസ വകുപ്പ് ലൈബ്രറി കൗൺസിലിലെ പത്ത് വർഷവും അതിലേറെ സേവന കാലാവധിയുള്ള ജീവനക്കാരെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയെങ്കിലും ഈ നടപടി ബഹു.കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ധനകാര്യവകുപ്പ് മൂന്ന് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് വീണ്ടും നിരസിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആവശ്യമെങ്കിൽ സ്ഥിര നിയമനത്തിന്റെ കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമെന്ന് അറിയിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ജോലി ചെയ്യുന്ന താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശ മന്ത്രിസഭായോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കാമോ എന്ന കാര്യത്തിൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ 'മന്ത്രിസഭയുടെ പരിഗണനക്കു സമർപ്പിക്കുക' എന്ന് ബഹു:മുഖ്യമന്ത്രി ഉത്തരവ് നൽകുകയുണ്ടായി.

19

## തീരുമാനിക്കേണ്ട വിഷയം

22— പത്തു വർഷത്തിലധികമായി ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ സേവനത്തിൽ തുടരുന്ന കരാർ/താൽക്കാലിക ജീവനക്കാരായ ശ്രീ.ജോസ് രാജ് (ഓഫീസ് അറ്റന്റന്റ്), ശ്രീമതി.ബിൻസി തോമസ് (ഓഫീസ് അറ്റന്റന്റ്), ഡ്രൈവർ ശ്രീ.ആന്റിൻ വിനോദ് എന്നിവരെ ധനകാര്യവകുപ്പിന്റെ വിയോജിപ്പ് മറി കടന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ സ്ഥിരപ്പെടുത്താമോ ?